# രക്ഷകന്റെ സന്ദർശനം

## ലൂക്കോസ് 1:78,79

"ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന്നു ആ ആർദ്രകരുണയാൽ ഉയരത്തിൽനിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു."

നഷ്ടപ്പെട്ട ലോകത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി കടന്നുവരാൻ പോകുന്ന മശിഹായെക്കുറിച്ചുള്ള സെഖര്യാവിന്റെ പ്രവചനമാണ് വചനഭാഗം. കർത്താവിന്റെ ജനനത്തെയും അതിന്റെ മുന്നൊരുക്കം എന്നോണം യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയേയും കുറിച്ച് ഇവിടെ സെഖര്യാവ് പ്രവചിക്കുന്നു. യഹൂദന്മാർ മശിഹായുടെ ഭൗമികരാജ്യം കാംക്ഷിച്ചിരിക്കുമ്പോൾ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന സന്ദേശം യോഹന്നാൻ സ്നാപകൻ അറിയിച്ചു.

ലൂക്കോസ് 1:68 യിസ്രായേലിന്റെ ദൈവമായ കർത്താവ് അനുഗ്രഹിക്കപ്പെട്ടവൻ, അവൻ തന്റെ ജനത്തെ സന്ദർശിച്ച് ഉദ്ധാരണം ചെയ്കയും .....

എന്തിനാണ് ദൈവം സന്ദർശിച്ചത്? പാപത്തിലും ബന്ധനത്തിലും ആയിരിക്കുന്ന മനുഷ്യനെ രക്ഷിക്കാൻ ദൈവം തന്റെ പുത്രനെ നമ്മുടെ രക്ഷയ്ക്കായി അയച്ചു. അവൻ തന്റെ ജനത്തെ സ്വന്തരക്തം നൽകി വീണ്ടെടുത്തു ( V 68,69). അതിനായിട്ടാണ് ക്രിസ്തു ജനിച്ചത്. നാം ചെയ്ത ഒരു പ്രവൃത്തിയാലുമല്ല, മറിച്ച് അവന്റെ ആർദ്ര കരുണയാൽ നമുക്ക് പാപമോചനം ലഭിച്ചു. ഈ പാപമോചനത്തിൽ ജനത്തിനു രക്ഷാപരിജ്ഞാനം കൊടുപ്പാൻ യോഹന്നാൻ ക്രിസ്തുവിനു മുമ്പായി വന്നു.

എന്തിനാണ് ദൈവം നമ്മെ രക്ഷിച്ചത്? (V 74,75) നാം ആയുഷ്ക്കാലമൊക്കെയും ഭയം കൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും, നീതിയിലും, ദൈവത്തെ ആരാധിക്കുവാനും ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാക്കുന്ന ദൈവപ്രവൃത്തിയിൽ പങ്കുചേരാനുമായിട്ടാണ് കർത്താവ് നമ്മെ രക്ഷിച്ച് വീണ്ടെടുത്തത്.

കർത്താവ് ഈ ഭൂമിയിൽ മനുഷ്യനായി പിറന്നപ്പോൾ സ്വന്തജനം അവനെ സ്വാഗതം ചെയ്തില്ല. ഇന്ന് അതേ സന്ദർശകൻ നമ്മുടെ ഹൃദയവാതിൽക്കൽ മുട്ടുന്നു. ഒരു താത്കാലിക അതിഥിയായല്ല, മറിച്ച് നമ്മുടെ ഹൃദയങ്ങളിൽ സ്ഥിരമായി വാഴുവാൻ (1 John 3:24, 4:15) നാം ഹൃദയവാതിൽ തുറന്ന് കർത്താവിനെ സ്വാഗതം ചെയ്യുവാൻ തയ്യാറാകുമോ?

നമ്മുടെ ഹൃദയങ്ങളിൽ ഒരു ക്രിസ്തുമസ് അഥവാ ക്രിസ്തു ജനിക്കുന്ന അനുഭവം ഉണ്ടാകുവാനായി പരിശുദ്ധാത്മാവ് സഹായിക്കട്ടെ.

പരാമർശം:

യെശയ്യാവ് 9:2

ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു.

എഫെസ്യർ 2:8–10

കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 022**